LIBRARY ARCHIVES Kerala Legislative Assembly

നീര ഉൽപ്പാദനം

146 (1560) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിനായി എത്ര കമ്പനികളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് ;

(ബി) ഈ കമ്പനികളിലെല്ലാം കൂടി ആകെ എത്ര ലിറ്റർ നീരയാണ് ദിവസേന ഉൽപ്പാദിപ്പിക്കുന്നത് ;

(സി) ഉൽപ്പാദിപ്പിക്കുന്ന നീര സംസ്ഥാനത്തു തന്നെ വിറ്റഴിയുന്നുണ്ടോ ;

(ഡി) ആകെ എത്ര തെങ്ങിൽ നിന്നുമാണ് ഇപ്പോൾ നീര ഉൽപ്പാദിപ്പിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) നീരക്കുപുറമേ മറ്റെന്തെങ്കിലും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ടോ ; ഏതൊക്കെ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഇപ്പോൾ 100 തെങ്ങിൽ നിന്നും നീര (കേരാമൃതം) ഉൽപ്പാദിപ്പിക്കുന്നുണ്ട്. നീലേശ്വരത്തെ ഗവേഷണ കേന്ദ്രത്തിൽ പരീക്ഷണാടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്.

(ഇ) കേരള കാർഷിക സർവ്വകലാശാലയിൽ നീരയിൽനിന്നും 'കേരചക്കര' ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേര-പൈനാപ്പിൾ ജാം, കേരഹണി, കേര ചോക്കളേറ്റ് എന്നിവയും നീരയിൽ നിന്ന് ഉണ്ടാക്കുവാൻ സാധിക്കും.

നീര ഉൽപ്പാദന ലൈസൻസ്

147 (1561) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദിപ്പിക്കാനുള്ള ലൈസൻസ് നൽകിയിട്ടുള്ള നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ഫെഡറേഷനുകളുടെ ലൈസൻസ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) കേര കർഷകർക്ക് ഗുണകരമാകുന്നതിനുവേണ്ടി കൃഷി വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ സ.ഉ.(എംഎസ്.) 66/2014/നി.വ. പ്രകാരം നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കാർഷിക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നിവയാണ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. നാളികേര-നീര ബോർഡിന്റെ ആക്ഷൻ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.

നീര ഉൽപ്പാദനം

148 (1562) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നീരയുടെ ഉൽപ്പാദനവും വിപണനവും വിപുലപ്പെടുത്തുന്നതിനും നീരയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly